പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 588**

**29.06.2015 - ൽ മറുപടിക്ക്.**

## മട്ടന്നൂർ കിൻഫ്ര വ്യവസായ പാർക്ക്

ചോദ്യം
ശ്രീ. ഇ.പി. ജയരാജൻ

**മറുപടി**
**ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി**
**(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി)**

| | ചോദ്യം | | മറുപടി |
|---|---|---|---|
| (എ) | മട്ടന്നൂർ കിൻഫ്രാ വ്യവസായ പാർക്കിനായി എത്ര സ്ഥലമാണ് ഏറ്റെടുത്തിട്ടുള്ളത് ; | (എ) : | മട്ടന്നൂർ കിൻഫ്രാ വ്യവസായ പാർക്കിനായി 51.75 ഹെക്ടർ ഭൂമിയാണ് ഏറ്റെടുത്തിട്ടുള്ളത്. |
| (ബി) | പ്രസ്തുത പാർക്കിനായി എത്ര തുകയുടെ പ്രോജക്ടാണ് കിൻഫ്ര തയ്യാറാക്കിയതെന്നും പ്രസ്തുത പ്രോജക്ടിന് എപ്പോഴാണ് അനുമതി നൽകിയതെന്നും വ്യക്തമാക്കുമോ ; | (ബി) & (സി) : | പ്രസ്തുത പാർക്കിന് 5 കോടി രൂപയുടെ പ്രോജക്ട് കിൻഫ്ര തയ്യാറാക്കുകയും ഇതിന് 28/06/2014 -ാം തീയതിലെ G.O. (Rt) No. 719/2014/ID നമ്പർ ഉത്തരവ് പ്രകാരം 5,00,00,000/- (അഞ്ച് കോടി) രൂപയുടെ ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പാർക്കിലെ 40 ഏക്കർ ഭൂമിയിൽ 107.92/- കോടി രൂപ ചെലവിൽ ഒരു പരിസ്ഥിതി സൗഹൃദ പ്ലാസ്റ്റിക് പാർക്ക് തുടങ്ങുന്നതിനായി കേന്ദ്ര സർക്കാരിലെ കെമിക്കൽസ് & ഫെർട്ടിലൈസേഴ്സ് മന്ത്രാലയത്തിന്റെ അനുമതിക്കായി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ടി പദ്ധതിക്കുള്ള കേന്ദ്ര വിഹിതം 40 കോടി രൂപ, സംസ്ഥാന വിഹിതം 38.81 കോടി രൂപ കൂടാതെ ബാങ്ക് ലോൺ 29.11 കോടി രൂപ എന്നിങ്ങനെയാണ്. |
| (സി) | പ്രോജക്ടിനാവശ്യമായ തുകയിൽ സംസ്ഥാന സർക്കാർ വിഹിതം എത്രയാണെന്നും കേന്ദ്ര സർക്കാരിൽ നിന്നും എത്ര ധനസഹായത്തിനുള്ള നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ ; | | |
| (ഡി) | പദ്ധതി പൂർത്തീകരണത്തിനുള്ള മറ്റു ധനസമാഹരണ മാർഗ്ഗങ്ങളെന്തെല്ലാമാണെന്നും ഇതിനോടകം സംസ്ഥാന സർക്കാർ എത്ര തുക | (ഡി) : | പ്രസ്തുത പദ്ധതിക്ക് 5 കോടി രൂപയ്ക്കാണ് സംസ്ഥാന സർക്കാർ ഭരണാനുമതി നൽകിയിട്ടുള്ളത്. സംസ്ഥാന സർക്കാരിന്റെ വിഹിതം |

ലഭ്യമാക്കിയെന്നും വ്യക്തമാക്കുമോ?

പദ്ധതി പുരോഗമിക്കുന്ന മുറക്ക് അതാത് സാമ്പത്തിക വർഷങ്ങളിൽ ലഭ്യമാകുന്ന രീതിയിലാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.

(ഇ) കേന്ദ്ര സർക്കാരിൽ നിന്നും ധനസഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണ് ; ഇതിനോടകം എത്ര തുക ലഭിക്കുകയുണ്ടായി ;

(ഇ) : പ്രസ്തുത പാർക്കിലെ 40 ഏക്കർ ഭൂമിയിൽ പരിസ്ഥിതി സൗഹൃദ പ്ലാസ്റ്റിക് ഉത്പന്നങ്ങൾക്കായുള്ള ഒരു പദ്ധതി സ്ഥാപിക്കുന്നതിനുള്ള പ്രോജക്ട് കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്. തുക ലഭിച്ചിട്ടില്ല.

(എഫ്) പ്രസ്തുത വ്യവസായ പാർക്കിന്റെ നിർമ്മാണം ഇപ്പോൾ ഏതു ഘട്ടത്തിലാണ് ?

പ്രസ്തുത വ്യവസായ പാർക്കിന്റെ നിർമ്മാണത്തിനായി മുൻവശത്തെ മതിലും ഗേറ്റും സെക്യൂരിറ്റിക്കുള്ള സൗകര്യവുമുൾപ്പെടെയുള്ള ജോലിയ്ക്കായി 90.34/- ലക്ഷം രൂപയുടെ വർക്ക് അവാർഡ് ചെയ്തിട്ടുണ്ട്. ചുറ്റും കമ്പി വേലി ചെയ്യുന്നതിനായി 60/- ലക്ഷം രൂപയുടെ ടെണ്ടർ നടപടി പൂർത്തിയായി. മൊത്തം മാസ്റ്റർ പ്ലാനിന്റെ കരട് പൂർത്തിയായിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.